**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1847** **29-07-2021 - ൽ മറുപടിയ്ക്ക്**

**എസ്. റ്റി.എസ്.ബി. അക്കൗണ്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ചെലവാകാത്ത സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും എന്ന ഇനത്തിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്. റ്റി.എസ്.ബി.) അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക എത്രയാണ്; ഇതിൽ എത്ര തുക തിരിച്ചെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ചെലവാകാത്ത സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും എന്ന ഇനത്തിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്.റ്റി.എസ്.ബി.) അക്കൗണ്ടുകളിലേക്ക് ഫണ്ട് ട്രാൻസ്ഫർ നടത്തിയിട്ടില്ല. 2017-18 മുതൽ എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് സാമ്പത്തികവർഷാവസാനം മാറ്റിയ തുകകൾ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം തുക 2016-17 ഇല്ല 2017-18 30,28,19,67,335 2018-19 12,25,56,74,954 2019-20 23,59,02,15,199 2020-21 26,75,39,93,290 |
| (ബി) | മേല്പറഞ്ഞ തുകകൾ മുഴുവനായും മുമ്പ് ട്രാൻസ്ഫർ ചെയ്ത അക്കൗണ്ടുകളിൽ തിരിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) | 2017-18, 2018-19 വർഷങ്ങളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്കും 2019-20, 2020-2021 വർഷങ്ങളിൽ അപേക്ഷ ലഭിക്കാതെ തന്നെ മുഴുവൻ തുകയും തിരികെ അതത് അക്കൗണ്ടുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ